പാലിന്റെ വിലകൂട്ടാൻ നടപടി

* 180. [199] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കറവമാടുകൾക്കുള്ള സംരക്ഷണചെലവ് വർദ്ധിച്ച സാഹചര്യത്തിൽ പാലിന്റെ വില കൂട്ടാൻ നടപടി സ്വീകരിക്കാമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

തൽക്കാലം നിവർത്തിയില്ല.

നഴ്സുമാരുടെ വാഷിംഗ് അലവൻസ് നിഷേധിച്ച നടപടി

* 181. [200] ശ്രീ. കെ. പുരുഷോത്തമൻ :
ശ്രീമതി പി. വേലായുധി :
ശ്രീ സി. കെ. തങ്കപ്പൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, ജി. വരദൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

എട്ടു മണിക്കൂറായി ജോലിസമയം കുറയ്ക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ നേഴ്സുമാർ നടത്തുന്ന സമരത്തിന്റെ ഭാഗമായി അവർ ഒരു ദിവസം യൂണിഫാം ബഹിഷ്ക്കരിച്ചതിന്റെ പേരിൽ നഴ്സുമാരുടെ വാഷിംഗ് അലവൻസ് നിഷേധിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

ഉണ്ട്.

പ്രവൃത്തി ദിനം ആഴ്ചയിൽ അഞ്ചാക്കാനുള്ള തീരുമാനം

* 182. [201] ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, കെ.ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ പ്രവർത്തി ദിവസം ആഴ്ചയിൽ അഞ്ചാക്കുന്ന കാര്യത്തെപ്പറ്റി ഗവൺമെന്റ് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല

(ബി) ഉദിക്കുന്നില്ല.

ന്യൂഡൽഹിയിലെ ട്രാവൻകൂർ ഹൗസ്

* 183. [202] ശ്രീ. എം. വി. മാണി :
,, പി. സി. ജോർജ്ജ് :
,, ടി. എസ്. ജോൺ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് കല്ലമ്പള്ളി :

,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂഡൽഹിയിലെ ട്രാവൻകൂർ ഹൗസ് കേരളാ ഗവൺമെൻറിന് വിട്ടുകിട്ടുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ട്രാവൻകൂർ ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലം എത്ര ഏക്കറാണ്;

(സി) കേരളാ സ്ക്കൂളിനു സ്ഥലം വിട്ടുകൊടുത്തതുവഴി സംസ്ഥാന ഗവൺമെൻറിന് പ്രസ്തുത സ്ക്കൂളിൽ എന്തെങ്കിലും നിയന്ത്രണം ഉണ്ടോ ;

(ഡി) കേരളത്തിൽനിന്നും ഡൽഹിയിൽ എത്തുന്ന സാധാരണക്കാർക്ക് താമസിക്കുവാൻവേണ്ടി കുറഞ്ഞ ചെലവിൽ കൂടുതൽ മുറികളുള്ള ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ഇ) ട്രാവൻകൂർ ഹൗസിൽ കേരളാ ഹൗസ് ജീവനക്കാർക്കുവേണ്ടി എത്ര കാർട്ടേഴ്സ് പണിതിട്ടുണ്ട് ;

(എഫ്) ഇവിടെ കൂടുതൽ കാർട്ടേഴ്സ് പണിയുവാൻ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ന്യൂഡൽഹിയിലെ ട്രാവൻകൂർ ഹൗസ് കേരളാ ഗവൺമെൻറിനു വിട്ടുകിട്ടുന്നതിനു കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യം കേന്ദ്രഗവൺമെൻറിൻെറ സജീവ പരിഗണനയിലാണ്.

(ബി) 8 ഏക്കർ.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ചീഫ് ആർക്കിടെക്ടിനോട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അത് അംഗീകരിച്ചുകഴിഞ്ഞാൽ കുറഞ്ഞ ചെലവിൽ കൂടുതൽ മുറികളുള്ള യാത്രിനിവാസുകൾ നിർമ്മിക്കുവാൻ പരിപാടിയുണ്ട്.

(ഇ) 30 താല്ക്കാലിക കാർട്ടേഴ്സ് പണിതിട്ടുണ്ട്.

(എഫ്) ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ചുകഴിഞ്ഞാൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

വനിതാക്ഷേമ വികസന കോർപ്പറേഷൻ

* 184. [203] ശ്രീ. കെ. ടി. കുമാരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, എം. കെ. കേശവൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കുള്ളക്ഷേമ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനുവേണ്ടി വനിതാ ക്ഷേമവികസന കോർപ്പറേഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കോർപ്പറേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി വരുന്ന തുകയുടെ എത്ര ശതമാനം കേന്ദ്രത്തിൽ നിന്നും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംസ്ഥാനത്ത് ഒരു വനിതാക്ഷേമ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly